പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.510 26.04.2017 ൽ മറുപടിയ്ക്ക്

## മഞ്ചേരി ഫുട്ബോൾ സ്റ്റേഡിയത്തിൽ ഫ്ലഡ് ലൈറ്റ്

ചോദ്യം

ശ്രീ.എം.ഉമ്മർ

ഉത്തരം

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | മഞ്ചേരി ഫുട്ബോൾ സ്റ്റേഡിയത്തിൽ ഫ്ലഡ് ലൈറ്റ് സ്ഥാപിക്കുന്നതിനായി ജി.ഒ. (ആർ.റ്റി.)നം. 68/16/എസ്.& വൈ. എ ഉത്തരവ് പ്രകാരം അനുവദിച്ച തുക നാളിതുവരെയും ചെലവഴിക്കാത്തതിന്റെ കാരണം വിശദമാക്കുമോ; | എ) ബി) & സി) | മഞ്ചേരി പയ്യനാട് സ്പോർട്സ് കോംപ്ലക്സ് ഫുട്ബോൾ സ്റ്റേഡിയത്തിൽ ഫ്ലഡ് ലൈറ്റ് സ്ഥാപിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ 01.03.2016 ലെ ജി.ഒ (ആർ.ടി) നം.68/16/S&YA ഉത്തരവ് പ്രകാരം 4,01,30,216/- രൂപയുടെ ഭരണാനുമതി നൽകുക മാത്രമാണുണ്ടായത്. 31.03.2017 ന് മാത്രമേ മഞ്ചേരി സ്പോർട്സ് കോംപ്ലക്സ് ഫുട്ബോൾ അക്കാഡമി നിർമ്മാണ ചുമതലയുള്ള കമ്മിറ്റിയുടെ അക്കൗണ്ടിൽ ടി തുക വന്നു ചേർന്നിട്ടുള്ളൂ. മലപ്പുറം പാർലമെന്റ് ഉപതെരഞ്ഞെടുപ്പ് ആയിരുന്നതിനാൽ 2017 ഏപ്രിൽ 17 വരെ തുടർ നടപടികൾ എടുക്കുവാൻ സാധിച്ചിട്ടില്ല. എത്രയും പെട്ടെന്ന് ഫ്ലഡ് ലൈറ്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) | പ്രസ്തുത തുക ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരുന്നത്; വ്യക്തമാക്കുമോ; | | |
| സി) | നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത ഫ്ലഡ് ലൈറ്റ് എന്നത്തേക്ക് സ്ഥാപിക്കാനാകും എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ